# Catholic Life

2026
September

## Bulletin
## Diocese of Alleppey



# വിശുദ്ധ മദർ തെരേസയുടെ
# തിരുനാൾ ആശംസകൾ

# Catholic Life

**Bulletin**

**Diocese of Alleppey**

**Website : www.dioceseofalleppey.com**

**E-mail: curia.alleppey@gmail.com**

**Ph: 0477 2243363, +91 8289868069**

Patron:

**Bishop James Raphael Anaparambil**

BISHOP OF ALLEPPEY

Editor:

**Fr Jude Joseph Kondappassery**

Vol. 94 | September 2026 | No.09

## In this Issue

1. രൂപതാ ഡയറി .... 04
2. Engagements of Bishop .... 06
3. KCBC സർക്കുലർ .... 07
4. രൂപതാ സൊസൈറ്റി പ്രവർത്തനറിപ്പോർട്ട് .... 12
5. കമ്മീഷൻ ഫോർ ചിൽഡ്രൻ വാർത്തകൾ .... 18
6. ഹെൽത്ത് കമ്മീഷൻ വാർത്തകൾ .... 19
7. KLCWA വാർത്തകൾ .... 20
8. KCYM വാർത്തകൾ .... 21
9. BCC ബുള്ളറ്റിൻ .... 24

♦

## Requiescat in Pace

| Name | Date of Demise |
|---|---|
| Fr. Michael Monterio | 9th September |
| Fr. John Pereira | 9th September |
| Fr Vijay Isaac | 17th September |
| Fr. Varghese Panakalpurackal | 19th September |
| Fr. Martin Karukaparampil | 20th September |
| Fr. Augustine Koilparambil | 21st September |
| Msgr. Paul Louis Panikaveettil | 29th September |

## Let us Remember, Congratulate and Pray...

| Name | Birthday |
|---|---|
| Fr. Bernard Panickaveetil | 7th September |
| Fr. Joslad Koilparambil | 13th September |
| Fr. Antonyto Paul | 13th September |
| Msgr. Mathew Noronha | 21st September |
| Fr. Pius Mohan Parayakattil | 23rd September |
| Fr. Jobin Joseph Panackal | 24th September |
| Fr. Berleigh Veliyakam | 26th September |

## Anniversary of Priestly Ordination

| Name | Date of Ordination |
|---|---|
| Fr Joseph Joy Arackal | 01-09-2003 |
| Fr Raju Kalathil | 12-09-1987 |
| Fr Stephen M. Punnackal | 18-09-1976 |
| Fr. Boya Johny Veliyil | 18-09-2014 |

# Day of Adoration

## Day of Adoration

| | | |
|---|---|---|
| **September 2nd** | - | St. Antony's Church, Ezhupunna |
| **September 7th** | - | St. Joseph's Church, Ottamassery |
| **September 8th** | - | Our Lady of Purification Church, West Manakodam |
| **September 13th** | - | St. Joseph's Convent, Chethy |
| **September20th** | - | Sacred Heart Church, Mayithara<br>St. George Forane Church, Manakodam |
| **September23rd** | - | Little Flower Church, Ayiramthai |

## REDEMPTIONIS SACRAMENTUM

The Church's needs require it, however, if sacred ministers are lacking, lay members of Christ's faithful may supply for certain liturgical offices according to the norm of law. Such faithful are called and appointed to carry out certain functions, whether of greater or lesser weight, sustained by the Lord's grace. Many of the lay Christian faithful have already contributed eagerly to this service and still do so, especially in missionary areas where the Church is still of small dimensions or is experiencing conditions of persecution, but also in areas affected by a shortage of Priests and Deacons.

RM, 147

*"Remember that when your heart feels restless, when your heart feels hurt, when your heart feels like breaking… 'I am precious to Him. He has called me by name. I am His. He loves me.'And to prove that love He died on the cross."*

***St. Teresa of Calcutta***

## രൂപത ഡയറി

**ആഗസ്റ്റ് 1**

രാവിലെ 6.30 ന് അന്തരിച്ച ഫാ. എബ്രഹാം പള്ളിവാതുക്കലിന്റെ 30-ാം ചരമ ദിനത്തിൽ ആത്മവിശ്രാന്തിക്കായി കോഴിക്കോട് ഈശോസഭാ പ്രൊവിൻഷ്യൽ ഹൗസ് ചാപ്പലിൽ അഭിവന്ദ്യ പിതാവ് ദിവ്യബലിയർപ്പിച്ചു.

ഉച്ചകഴിഞ്ഞ് 2.30 ന് ഫോർട്ട് കൊച്ചി സെന്റ് ജോൺ പാട്ടത്ത് അന്തരിച്ച ശ്രീമതി ട്രീസാ മർക്കോസിന്റെ ഭവനത്തിലെത്തി ആത്മ ശാന്തിക്കായി അഭിവന്ദ്യപിതാവ് പ്രാർത്ഥിച്ചു.

ഉച്ചകഴിഞ്ഞ് 3.00 മണിക്ക് ഫോർട്ട് കൊച്ചിയിൽ അന്തരിച്ച ശ്രീ ആന്റോ ആറാട്ടുകുളത്തിന്റെ ഭവനത്തിലെത്തി ആത്മശാന്തി ക്കായി അഭിവന്ദ്യപിതാവ് പ്രാർത്ഥിച്ചു.

വൈകുന്നേരം 4.30 മന് ആലപ്പുഴ ലിയോ തേർട്ടീന്ത് ആഡിറ്റോറിയത്തിൽ സംസ്ഥാന സർക്കാർ നടത്തിയ ലഹരിവിരുദ്ധ തൂഫാൻ പ്രചരണം ജില്ലാതല ഉത്ഘാടന പരിപാടിയിൽ അഭിവന്ദ്യ പിതാവ് പങ്കെടുത്തു.

വൈകിട്ട് 6.00 മണിക്ക് മൗണ്ട് കാർമ്മൽ കത്തീഡ്രൽ സിമിത്തേരിയിൽ നടന്ന സിസ്റ്റർ മേരി ഹെലൻ SVC യുടെ മൃതസംസ്ക്കാര ശുശ്രൂഷയിൽ അഭിവന്ദ്യപിതാവ് പങ്കെടുത്തു.

**ആഗസ്റ്റ് 2**

രാവിലെ 7.00 മണിക്ക് ഓമനപ്പുഴ സെന്റ് ഫ്രാൻസിസ് സേവ്യാഴ്സ് ദൈവാലയത്തിൽ അഭിവന്ദ്യപിതാവ് ദിവ്യബലിയർപ്പിച്ചു.

**ആഗസ്റ്റ് 3 – 7**

കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ നടന്ന മെത്രാന്മാരു ടെയും- ദൈവശാസ്ത്രകരുടെയും കൊളോക്കിയത്തിൽ അഭിവന്ദ്യപിതാവ് പങ്കെടുത്തു.

**ആഗസ്റ്റ് 9 – 14**

കർമ്മസദൻ പാസ്റ്ററൽ സെന്ററിൽ നടന്ന രൂപതാ വൈദികരുടെ ആദ്യബാച്ചിന്റെ ധ്യാനത്തിൽ അഭിവന്ദ്യപിതാവ് പങ്കെടുത്തു.

**ആഗസ്റ്റ് 15**

രാവിലെ 7.15 ന് പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോ പണ തിരുനാളിനോടനുബന്ധിച്ച് അഭിവന്ദ്യപിതാവ് മൗണ്ട് കാർമ്മൽ കത്തീഡ്രൽ ദൈവാലയത്തിൽ ദിവ്യബലിയർപ്പിക്കുകയും 80-ാം സ്വതന്ത്ര്യദിന

ത്തോടനുബന്ധിച്ച് ദേശിയപതാക ഉയർത്തുകയും ചെയ്തു.

**ആഗസ്റ്റ് 16 – 21**

കർമ്മസദൻ പാസ്റ്ററൽ സെന്ററിൽ നടന്ന രൂപതാ വൈദികരുടെ രണ്ടാം ബാച്ചിന്റെ ധ്യാനത്തിൽ അഭിവന്ദ്യപിതാവ് പങ്കെടുത്തു.

**ആഗസ്റ്റ് 22**

രാവിലെ 8.30 മുതൽ തിരുവനന്തപുരം, പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ നടന്ന കർദ്ദിനാൾ ക്ലീമീസ് കത്തോലിക്കാ ബാവയുടെ മെത്രാഭിഷേക രജത ജൂബിലി ആചരണത്തിൽ അഭിവന്ദ്യപിതാവ് പങ്കെടുത്തു.

ഉച്ചകഴിഞ്ഞ് 3.00 ന് വിശ്രമജീവിതം നയിക്കുന്ന അഭിവന്ദ്യ സൂസൈപാക്യം പിതാവിനെ സന്ദർശിച്ച് അഭിവന്ദ്യപിതാവ് പ്രാർത്ഥ നാ ശംസകൾ നേർന്നു.

**ആഗസ്റ്റ് 23**

രാവിലെ 7.00 കണ്ണമാലി ക്രിസ്തുരാജ ദൈവാലയത്തിൽ അഭിവന്ദ്യപിതാവ് ദിവ്യബലിയർപ്പിച്ചു.

രാവിലെ 11.00 മണിക്ക് അമരാവതി സെന്റ് പീറ്റർ ആന്റ് പോൾ ദൈവാലയത്തിൽ വെച്ച് പരിയാത്തുശ്ശേരിൽ ഹെലന്റെ യും പറയാറ്റിൽ ലെയ്ൻ സോഹന്റെയും വിവാഹം അഭിവന്ദ്യ പിതാവ് ആശിർവദിച്ചു.

**ആഗസ്റ്റ് 24**

ഉച്ചകഴിഞ്ഞ് 3.00 മണിക്ക് മഞ്ഞുമ്മൽ ദൈവാലയത്തിൽ വെച്ച് അന്തരിച്ച റവ. ഫാ. ഡോ. ആന്റണി ഇട്ടിക്കുന്നത്ത് OCD യുടെ മൃത സംസ്ക്കാര ശുശ്രൂഷയിലും ദിവ്യബലിയിലും അഭിവന്ദ്യപിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു.

**ആഗസ്റ്റ് 28**

ഉച്ചകഴിഞ്ഞ് 3.00 മണിക്ക് അഭിവന്ദ്യപിതാവ് മായിത്തറ സെക്രട്ട് ഹാർട്ട് സെമിനാരി സന്ദർശിച്ചു.

**ആഗസ്റ്റ് 30**

രാവിലെ 7.00 മണിക്ക് ചെത്തി സെന്റ് ജോസഫ്സ് ദൈവാലയ ത്തിൽ അഭിവന്ദ്യപിതാവ് ദിവ്യബലിയർപ്പിച്ചു.

# Engagements of the Bishop
# SEPTEMBER 2026

| Date | Time | Programme |
|---|---|---|
| September 05 | 10.00 am | Diocesan Pastoral Council at |
| | | Karmasadan Pastoral Centre, Alleppey |
| September 06 | 08.00 am | Pastoral Visit at St. James Chapel, Vayalar |
| September 09 | 10.00 am | Priests' Conference at Karmasadan |
| September 09-11 | | Regional Retreat of Bishops at Vijayapuram |
| Spetmeber 12 | 10.00 am | Inauguration & Convocation of Theology course, Karmasadan Pastoral Centre, Alleppey |
| September 12-13 | | Pastoral Visit at St. Augustine's Church, Mararikulam |
| September 14 | 11.00 am<br>04.30 pm | Holymass at Holycross Convent, Thankey<br>Holy Mass at Emmanuel Church, St. John Pattom, Fort Kochi |
| September 17-18 | | Visit at Propaedeutic Seminary, kannur |
| September 19-20 | | Pastoral Visit at St. Peter's Church, Vattayal |
| September 20 | 04.30 pm | Holy Mass at Santa Cruz Basilica, Kochi |
| September 21 | 09.30 am | Holy Mass and Final Profession of Sr. Riyamol Joseph at St. Aloycious Convent, Punnapra |
| September 26-27 | | Pastoral Visit at Holy FamilyChurch, Chathanadu |
| September 30 | | Holy Mass and Homily at St. Francis Assisi Church, Thyckal |

NB: **All Tuesdays 3.00 pm Curia meeting**
**All Wednesdays 5.00 pm Lectio Divina**

A/80/1/26/270

# സർക്കുലർ ജപമാലമാസാചരണം

പ്രിയ ബഹു. വൈദികരേ, സന്യസ്തരേ, സഹോദരങ്ങളേ,

**ജപമാല: തിരുവചനത്തിൽ അധിഷ്ഠിതമായ രക്ഷാകര പ്രാർത്ഥന**

കത്തോലിക്കാസഭയുടെ പാരമ്പര്യത്തിൽ സവിശേഷമായ ആത്മീയ ശക്തി ഉൾക്കൊള്ളുന്ന പ്രാർത്ഥനാരൂപമാണ് വിശുദ്ധ ജപമാല. ജപമാലയിലെ ഓരോ രഹസ്യവും കേവലം ഭക്താഭ്യാസങ്ങൾ മാത്രമല്ല മറിച്ച് ക്രിസ്തുവിലൂടെ പൂർത്തിയായ രക്ഷാകരചരിത്രത്തിലെ സുപ്രധാന സംഭവങ്ങളുടെ ആഴമേറിയ ധ്യാനവുമാണ്. ദൈവവചനത്തിൽ അധിഷ്ഠിതമായ ജപമാല പ്രാർത്ഥന, അതിൽ പങ്കുചേരുന്ന ഓരോ വിശ്വാസിയെയും ക്രിസ്തു വാഗ്ദാനം നൽകുന്ന ജീവന്റെയും രക്ഷയുടെയും അനുഭവത്തിലേക്ക് നയിക്കുന്നു.

**ജപമാല പ്രാർത്ഥനയുടെ ചരിത്രം**

സഭയുടെ ആദിമ കാലഘട്ടങ്ങളിൽ ആശ്രമങ്ങളിൽ സന്യാസിമാർ സങ്കീർത്തനചുവരുകളിൽ നിന്നും ദിവസേന 150 സങ്കീർത്തനങ്ങൾ ഒരുമിച്ചുചേർന്ന് ആലപിക്കുന്നത് പതിവായിരുന്നു. എന്നാൽ സാധാരണക്കാരായ വിശ്വാസികൾക്ക് ഇത് അപ്രാപ്യമായിരുന്നതിനാൽ 150 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥന ആവർത്തിച്ചു ചൊല്ലുന്ന രീതി കൈക്കൊണ്ടു. ഈ പ്രാർത്ഥനകളുടെ എണ്ണം കണക്കാക്കാൻ ഉപയോഗിച്ചിരുന്ന മണികളാണ് പിൽക്കാലത്ത് കൊന്തമണികളായി മാറിയത്. എണ്ണം എന്നർത്ഥം വരുന്ന കോന്ത (Conta) എന്ന പോർച്ചുഗീസ് പദത്തിൽ നിന്നാണ് കൊന്ത എന്ന വാക്ക് രൂപപ്പെട്ടത്. ലത്തീൻഭാഷയിൽ റോസാപ്പൂക്കളുടെ തോട്ടം എന്നർത്ഥമുള്ള റോസാരിയും (Rosarium) എന്ന പേരിൽ ഇത് അറിയപ്പെട്ടു.

പിൽക്കാലത്ത് മരിയ ഭക്തി വ്യാപകമായതോടെ 'നന്മ നിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥന 150 തവണ ചൊല്ലുന്ന രീതി നിലവിൽവന്നു. 13-ാം നൂറ്റാണ്ടിന്റെ ആരംഭകാലത്ത് സഭ നേരിടേണ്ടിവന്ന ആൽബിജിയൻ പാഷണ്ഡതയ്ക്കെതിരെ പോരാടിയ വിശുദ്ധ ഡൊമിനിക്കിലൂടെ ജപമാലഭക്തി കൂടുതൽ പ്രചരിപ്പിക്കപ്പെട്ടു. ജപമാലഭക്തിയുടെ വ്യാപനത്തോടെ പാഷണ്ഡത തകർക്കപ്പെട്ടു. വാഴ്ത്തപ്പെട്ട അലൻ ഡി ലാ റോച്ച് 15-ാം നൂറ്റാണ്ടിൽ, ജപമാല ഭക്തിയെ കൂടുതൽ പ്രചരിപ്പിക്കുകയുണ്ടായി.

1571-ൽ നടന്ന ലെപ്പാന്റോ നാവിക യുദ്ധത്തിൽ ക്രിസ്തീയ സഖ്യസേന യുദ്ധഭൂമിയിൽ പോരാടുമ്പോൾ, വിശുദ്ധ പിയൂസ്

അഞ്ചാമൻ പാപ്പ യുദ്ധവിജയത്തിനായി ജപമാല ചൊല്ലി പ്രാർത്ഥിക്കാൻ വിശ്വാസികളോട് ആഹ്വാനം ചെയ്തു. ഈ പ്രാർത്ഥനയിലൂടെ ലഭിച്ച വിജയത്തിന് ദൈവമാതാവിനോടുള്ള നന്ദിസൂചകമായി പിയൂസ് അഞ്ചാമൻ പാപ്പ, ഒക്ടോബർ 7-ന് 'വിജയമാതാവിന്റെ തിരുനാൾ' സ്ഥാപിക്കുകയും പതിനഞ്ചു രഹസ്യങ്ങൾ ഉൾപ്പെടുത്തിയ ജപമാലക്ക് ഔദ്യോഗിക അംഗീകാരം നൽകുകുയം ചെയ്തു.˝ ഗ്രിഗറി പതിമൂന്നാമൻ പാപ്പ 1573-ൽ ഇത് 'പരിശുദ്ധ ജപമാലരാജ്ഞിയുടെ തിരുനാൾ' എന്ന് പുനർനാമകരണം ചെയ്തു. 1883-ൽ ലിയോ പതിമൂന്നാമൻ പാപ്പ ഒക്ടോബർ മാസത്തെ 'പരിശുദ്ധ ജപമാലമാസം' ആയി പ്രഖ്യാപിച്ചു. 2002-ൽ വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പ പ്രകാശത്തിന്റെ 5 രഹസ്യങ്ങൾകൂടി നിലവിലുണ്ടായിരുന്ന ജപമാലയോട് കൂട്ടിച്ചേർത്തു.

**ജപമാല ഭക്തി : തിരുസഭയുടെ പ്രബോധനങ്ങളിൽ**

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖയായ 'ജനതകളുടെ പ്രകാശം' (നമ്പർ 66, 67) പരിശുദ്ധ ദൈവമാതാവിനോടുള്ള യഥാർത്ഥഭക്തി മാതാവിന്റെ നേർക്കുള്ള പുത്രസഹജമായ സ്നേഹത്തിലേക്കും അവളുടെ പുണ്യങ്ങളുടെ അനുകരണത്തിലേക്കും നമ്മെ നയിക്കുന്നുവെന്ന് പഠിപ്പിക്കുന്നു.

''ദൈവപുത്രൻ കഴിഞ്ഞാൽ, എല്ലാ മാലാഖമാരിലും മനുഷ്യരിലും ഉപരിയായി ദൈവകൃപയാൽ ഉയർത്തപ്പെട്ട മറിയത്തെ ദൈവത്തിന്റെ ഏറ്റവും പരിശുദ്ധയായ മാതാവും മിശിഹായുടെ രഹസ്യങ്ങളിൽ പങ്കുകാരിയും എന്ന നിലയിൽ വിശേഷവണക്കം നല്കി (ഹൈപ്പർദൂലിയ (Hyperdulia) സഭ പ്രത്യേകം ബഹുമാനിക്കുന്നു. ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തോടുള്ള ഈ വണക്കം മറ്റെല്ലാ വണക്കങ്ങളെക്കാളും ഉന്നതമാണെങ്കിലും പിതാവിനോടും പരിശുദ്ധാത്മാവിനോടും എന്നതുപോലെ അവതാരം ചെയ്ത വചനത്തോടും പ്രകടിപ്പിക്കുന്നതും അവിടുത്തേക്ക് മാത്രം സർവ്വദാ അർഹവുമായ ആരാധനയിൽ നിന്ന് സത്താപരമായി വ്യത്യസ്തമാണ് എന്ന കാര്യം പ്രത്യേകം ഓർക്കേണ്ടതുണ്ട്.'' (LG 66)

''ദൈവമാതാവിന്റെ അനന്യമായ മഹത്വത്തെപ്പറ്റി ചിന്തിക്കുമ്പോൾ, തെറ്റായ അതിവർണ്ണനയും അതുപോലെതന്നെ അതിരുകവിഞ്ഞ സങ്കുചിത മനസ്ഥിതിയും ശ്രദ്ധാപൂർവ്വം ഒഴിവാക്കേണ്ടതാണെന്ന് തിരുസഭ ദൈവ ശാസ്ത്രജ്ഞരെയും ദൈവവചന പ്രഘോഷകരെയും ഗൗരവപൂർവ്വം ഉദ്ബോധിപ്പിക്കുന്നു. വിശുദ്ധലിഖിതങ്ങളുടെയും വിശുദ്ധ പിതാക്കന്മാരുടെയും വേദപാരംഗതരുടെയും സഭയുടെ ആരാധനാക്രമങ്ങളുടെയും

ബോധനങ്ങൾ സഭാ പ്രബോധനാധികാരത്തിന്റെ നിയന്ത്രണത്തിൽ ശരിയായി വിശകലനം ചെയ്ത് ഭാഗ്യവതിയായ കന്യകയുടെ പ്രവർത്തന ങ്ങളും വിശേഷവരങ്ങളും നന്നായി വ്യക്തമാക്കുകയും ചെയ്യണം. അവ എപ്പോഴും സത്യത്തിന്റെയും വിശുദ്ധിയുടെയും ഭക്തിയുടെയും ഉറവിടമായ മിശിഹായെ ലക്ഷ്യം വയ്ക്കുന്നവ യായിരിക്കും." (LG 67)

"ശരിയായ മരിയഭക്തി ഫലശൂന്യവും ക്ഷണഭംഗുരവുമായ വികാര ത്തിൽ നിന്നോ പൊള്ളയായ ചില അന്ധവിശ്വാസങ്ങൾ കൊണ്ടോ അല്ല, പ്രത്യുത ശരിയായ വിശ്വാസത്തിൽ നിന്നാണ് ഉത്ഭൂതമാകുന്നത് എന്ന് വിശ്വാസികൾ പ്രത്യേകിച്ചും ഓർമ്മിക്കണം. ഈ വിശ്വാസമാണ് ദൈവമാതാവിന്റെ വൈശിഷ്ട്യത്തെക്കുറിച്ചുള്ള അറിവിലേക്ക് നമ്മെ നയിക്കുന്നതും, നമ്മുടെ അമ്മയുടെ നേർക്കുള്ള പുത്രസഹജമായ സ്നേഹത്തിലേക്കും അവളുടെ നന്മകളുടെ അനുകരണത്തിലേക്കും നമ്മെ പ്രചോദിപ്പിക്കുന്നതും." (LG 67)

വിശുദ്ധ ജോൺപോൾ പാപ്പയുടെ 'കന്യാമറിയത്തിന്റെ ജപമാല' (Rosarium Virginis Mariae) എന്ന അപ്പസ്തോലികലേഖനം ജപമാലയെ വിശേഷിപ്പിക്കുന്നത് ക്രിസ്തുവിനെ മറിയത്തോടൊപ്പം ധ്യാനിക്കുന്ന ലളിതവും എന്നാൽ ഗഹനവുമായ പ്രാർത്ഥന യായിട്ടാണ്.

**ജപമാലയും ബൈബിളും**

ജപമാലയിലെ പ്രധാന പ്രാർത്ഥനകളെല്ലാം പൂർണ്ണമായും വിശുദ്ധഗ്രന്ഥവചനങ്ങൾ ഉൾക്കൊള്ളുന്നതോ, അതിൽ അടിസ്ഥാന പ്പെടുത്തിയിട്ടുള്ളതോ ആകുന്നു.

*സ്വർഗ്ഗസ്ഥനായ പിതാവേ:* വിശുദ്ധ മത്തായിയുടെ സുവിശേഷം 6: 9-13, (ലൂക്കാ 11 : 2-4) വചനങ്ങളിൽ യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ച പ്രാർത്ഥനയാണിത്. ദൈവനാമം പൂജിതമാകുന്നതിനും അവിടുത്തെ രാജ്യം വരുന്നതിനുമുള്ള യാചന ഇതിൽ അടങ്ങിയിരിക്കുന്നു.

*നന്മ നിറഞ്ഞ മറിയമേ:* ഗബ്രിയേൽ മാലാഖയുടെ അഭിവാദ നവും (ലൂക്കാ 1:28) എലിസബത്തിന്റെ ഉദ്ഘോഷണവും (ലൂക്കാ 1:42) പരിശുദ്ധ അമ്മ ദൈവമാതാവാണെന്ന സഭാ സാക്ഷ്യവും (ലൂക്കാ 1:43) ചേർന്നുള്ളതാണ് ഈ പ്രാർത്ഥന. മനുഷ്യന്റെ വർത്തമാനകാല ആവശ്യങ്ങളെ മറിയം മുഖേന ഈശോയ്ക്ക് സമർപ്പിക്കുന്നതിന്റെ സുവിശേഷ തെളിവാണ് കാനായിലെ കല്യാണവിരുന്ന് (യോഹ 2:3) കൂടാതെ മരണസമയത്തും തകർച്ചകളിലും അമ്മ കവചമായി കൂടെ നിൽക്കുമെന്നതിന്റെ ഉറപ്പാണ് കുരിശിൻ ചുവട്ടിലെ ഭരമേൽപ്പിക്കൽ. (യോഹ 19:27)

*ത്രിത്വൈക ബന്ധം:* ത്രിത്വൈക സ്തുതിയോടെ ആരംഭിക്കുന്ന ജപമാല, ക്രിസ്തുവിന്റെ രക്ഷാകര രഹസ്യങ്ങളിലൂടെ സഞ്ചരിച്ച് കന്യകാമറിയത്തിലൂടെ മനുഷ്യരക്ഷയുടെ സഫലീകരണത്തിൽ എത്തിച്ചേരുന്നു. അതിനാൽ, പരിശുദ്ധ ത്രിത്വത്തിന്റെ സാന്നിധ്യം നിറഞ്ഞ പ്രാർത്ഥനയാണ് ജപമാല.

**ജപമാല മാസാചരണത്തോടനുബന്ധിച്ചുള്ള ചില മാർഗ്ഗനിർദ്ദേ ശങ്ങൾ**

നമ്മുടെ ആലപ്പുഴ രൂപതയിൽ വളരെ ഭക്തിയോടും സജീവമായും ജപമാല മാസാചരണം നടന്നുവരുന്നത് ഏറെ സന്തോഷകരമാണ്. ഇടവക സമൂഹവും, നമ്മുടെ കുടുംബങ്ങളും ആത്മീയ വളർച്ചയ്ക്കായി ഈ ആചരണത്തെ പ്രയോജനപ്പെടുത്തുന്നുവെന്നത് പ്രശംസനീയമാണ്. പ്രാർത്ഥനാപൂർവ്വമുള്ള ഒരുക്കം, കുമ്പസാരം, വൈദികരും സന്യസ്തരും അൽമായരും ഒത്തുചേർന്ന് നൽകുന്ന മരിയൻ ധ്യാനചിന്തകൾ എന്നിവയെല്ലാം ഇതിന്റെ അനുഗ്രഹീതമായ ഫലങ്ങളാണ്.

എന്നാൽ, ചിലയിടങ്ങളിലെങ്കിലും ജപമാല മാസാചരണത്തിന്റെ ആത്മീയാന്തരീക്ഷത്തിന് മങ്ങലേൽപ്പിക്കുന്ന രീതിയിലുള്ള അപചയങ്ങൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് പലരും ആശങ്ക പങ്കുവെക്കുകയും പരാതി നൽകുകയും ചെയ്തിട്ടുള്ളതുമാണ്. കഴിഞ്ഞ വൈദിക സമ്മേളനത്തിലെ തീരുമാനപ്രകാരം, ഒക്ടോബർ മാസത്തിലെ ജപമാല ആചരണം കൂടുതൽ സമുചിതവും ക്രമബദ്ധവുമാക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ സ്നേഹാദരവോടെ പാലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

***1. തിരുസ്വരൂപ പ്രയാണം:*** ഇടവകകളിൽ തിരുസ്വരൂപ പ്രയാണം നടത്തുന്ന പതിവുണ്ടെങ്കിൽ, അത് ബാഹ്യമായ ആഡംബരങ്ങൾ ഒഴിവാക്കി ലളിതമായി ക്രമീകരിക്കേണ്ടതാണ്. വിശ്വാസികളുടെ ഭക്തിയും ആത്മീയതയും വർദ്ധിപ്പിക്കുന്ന രീതിയിൽ പ്രാർത്ഥനാപൂർവ്വം ഇത് നടത്തുവാൻ പ്രത്യേകം ശ്രദ്ധിക്കുക. 'മാതാവ് വരുന്നു, മാതാവിന് സ്വീകരണം നൽകുന്നു' തുടങ്ങിയ തെറ്റായ ധാരണ ഉണ്ടാക്കുന്ന പ്രയോഗങ്ങൾ പൂർണ്ണമായും ഒഴിവാക്കണം. ഉതപ്പിനോ ഇടർച്ചയ്ക്കോ കാരണമായേക്കാവുന്ന സാഹചര്യങ്ങൾ ഒഴിവാക്കണം. തിരുസ്വരൂപ സ്വീകരണത്തിനുള്ള ഭവനങ്ങൾ നറുക്കെടുപ്പിലൂടെ മാത്രം തിരഞ്ഞെടുക്കുക. കുട്ടികൾ, യുവതി യുവാക്കൾ, മുതിർന്നവർ ഇവരെല്ലാം നേതൃത്വവും സന്ദേശവും നൽകുന്ന രീതി പ്രോത്സാഹിപ്പിക്കുക.

***2.ജപമാല പ്രദക്ഷിണം:*** പൊതുനിരത്തിലൂടെ തിരുസ്വരൂപം വഹിച്ചുകൊണ്ടുള്ള യാത്ര വാഹനങ്ങൾക്കും പൊതുഗതാഗതത്തിനും യാതൊരു ബുദ്ധിമുട്ടും ഉണ്ടാക്കാതെ ക്രമീകരിക്കേണ്ടതാണ്.

3. തിരുസ്വരൂപം വെച്ചുകൊണ്ടുള്ള ജാഗരണ പ്രാർത്ഥനകൾ ഉണ്ടെങ്കിൽ സുരക്ഷാ മുൻകരുതലുകൾ എടുക്കേണ്ടതാണ്. ശബ്ദ നിയന്ത്രണം പൂർണ്ണമായും പാലിക്കണം.

4. ഒക്ടോബർ മാസചരണത്തിന്റെ ഭാഗമായി ഏതെങ്കിലും തരത്തിലുള്ള ധനസമാഹരണ പ്രവർത്തനങ്ങളോ സംഭാവനകൾ സ്വീകരിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ അതെല്ലാം ഇടവകയുടെ പൊതു കണക്കിൽ കൃത്യമായി രേഖപ്പെടുത്തപ്പെടേണ്ടതും സാമ്പത്തിക വർഷാവസാനം ഈ വിവരങ്ങൾ ഓഡിറ്റിന് വിധേയ മാക്കേണ്ടതുമാണ്.

***5.കാരുണ്യപ്രവർത്തികൾ:*** ആഘോഷങ്ങൾക്കായി മാറ്റിവെക്കുന്നതും സമാഹരിക്കുന്നതുമായ തുകയുടെ ശ്രദ്ധേയമായ ഒരുഭാഗം, ഇടവകയിലെയും സമീപപ്രദേശങ്ങളിലെയും നിർദ്ധനരും അർഹ രുമായ ആളുകൾക്ക് സാമ്പത്തിക സഹായമെത്തിക്കാനും മറ്റ് കാരുണ്യപ്രവർത്തികൾക്കായും മാറ്റിവെക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

***6. ആഘോഷ ഒരുക്കങ്ങൾ:*** ഗ്രീൻപ്രോട്ടോക്കോൾ പാലിക്കുക. ജപമാല മാസാചരണത്തിന്റെ ഭാഗമായി ഭവനങ്ങളിൽ ഒരുക്കുന്ന പന്തൽ, ലൈറ്റ്, സൗണ്ട് എന്നിവ പരമാവധി ചിലവ് ചുരുക്കി, സാധ്യമെങ്കിൽ ഇടവകയിൽ നിന്നു തന്നെ പൊതുവായി ക്രമീകരിച്ചു കൊടുത്തുകൊണ്ട് സാമ്പത്തിക ഭാരം ലഘൂക രിക്കുക.

***7. ലളിതമായ വിരുന്ന്:*** സ്നേഹവിരുന്നുകൾ ചായ, പാനീയങ്ങൾ ലഘുഭക്ഷണം മാത്രമായി മിതമായ ചിലവിൽ ക്രമീകരിക്കുക.

ചുരുക്കത്തിൽ ജപമാലപ്രാർത്ഥന കുടുംബങ്ങളിൽ പരസ്പര സ്നേഹവും ഐക്യവും വളർത്തുകയും ഇടവകകൂട്ടായ്മകളിൽ വിശ്വാസചൈതന്യം ദൃഢമാക്കുകയും ചെയ്യുന്നു. ആർഭാടങ്ങൾ വെടിഞ്ഞ് ആത്മവിശുദ്ധിയോടെ ജപമാലമാസത്തെ സമീപിക്കു മ്പോൾ ക്രിസ്തീയ രക്ഷാകരാനുഭവം കൂടുതൽ സജീവമായി അനുഭവിക്കുവാൻ ഓരോ ക്രൈസ്തവനും കഴിയുന്നു.

പ്രാർത്ഥനാപൂർവ്വം,

**ബിഷപ്പ് ജെയിംസ് റാഫേൽ ആനാപറമ്പിൽ**

ആലപ്പുഴ രൂപത മെത്രാൻ

26/08/2026

N.B. ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ ഇടവകയിൽ അറിയിക്കുകയും ബന്ധപ്പെട്ടവരുമായി കൂടിയാലോചിച്ച് നടപ്പാക്കേണ്ടതാണ്.

# ആലപ്പുഴ രൂപത സൊസൈറ്റിയുടെ 2026 ആഗസ്റ്റ് മാസത്തെ പ്രവർത്തന റിപ്പോർട്ട്

## ADS പ്രവർത്തനം

### NFARM കർഷക ജെംസ് എക്സലൻസ് അവാർഡ്

INFARM (ഇന്ത്യൻ ഫാർമേഴ്സ് മൂവ്മെന്റ്) കർഷകരുടെയും ഗ്രാമീണ സമൂഹത്തിന്റെയും സമഗ്രമായ പുരോഗതിക്കായി പ്രവർത്തിക്കുന്ന ഒരു കർഷക സംഘടനയാണ് . ആലപ്പുഴ രൂപത സൊസൈറ്റിയുടെ ഭാഗമായി കോൾപിംഗ് യൂണിറ്റുകളിൽ നിന്നും രൂപതയിൽനിന്നുമായി 205 അംഗങ്ങളാണ് ഇൻഫാമിൽ രജിസ്റ്റർ ചെയ്തത്. ഇവരുടെ SSLC, +2 വിനു ഫുൾ എ+ കിട്ടിയവരുടെ മക്കൾക്കായി INFARM നൽകിയ അവാർഡിന് ആലപ്പുഴയിൽ നിന്നും അർഹനായത്. ചെത്തി സെൻറ് ജോസഫ് ഇടവകാംഗമായാ ബോബന്റെയും വിളമിക്കുട്ടിയുടെയും മകൻ ഫെബിൻ ആണ്. ഗോൾഡ് കോയിനും മോമെന്ടോയും സമ്മാനവും ലഭിച്ചതോടൊപ്പം മാതാപിതാക്കളെയും ആദരിച്ചു. വരും നാളുകളിലും ഇൻഫാമിൽ കൂടുതൽ അംഗങ്ങൾ രജിസ്റ്റർ ചെയ്തുകൊണ്ട് അംഗത്വം സ്വീകരിക്കുകയും നമ്മുടെ എല്ലാ ഉത്പന്നങ്ങളും ഒരു കുടക്കീഴിൽ ബ്രാൻഡഡ് ആക്കുകയും കൂടുതൽ ആളുകൾ കാർഷിക മേഖലയിൽ പങ്കാളികൾ ആകുകയും നമ്മുടെ എല്ലാ മക്കളും അവാർഡിന് അർഹരായി തീരട്ടെ എന്നും ഉത്ബോധിപ്പിച്ചുകൊണ്ടു അവാർഡിന് അർഹനായ ഫെബിനു എല്ലാവിധ ആശംസകളും അനുഗ്രഹങ്ങളും നേരുന്നു .

### രേഖാസ്വിസ് പ്രോജക്ട്

ആലപ്പുഴ രൂപതാ സൊസൈറ്റി ഭിന്നശേഷിക്കാരായ തൊഴിൽ ചെയ്യുന്നവർക്കായി രേഖാസ്വിസ് എന്ന പ്രോജ്ക്ട് വഴി സഹായം നൽകുന്നതിനുള്ള പദ്ധതി ആരംഭിച്ചു. ഭിന്നശേഷിക്കാരുടെ സാമ്പത്തിക പുരോഗതിയും സാമൂഹിക വളർച്ചയും ലക്ഷ്യമിട്ടുള്ളതാണ് ഈ പദ്ധതി. വിവിധ ഇടവകകളിൽ നിന്നായി 20 ഭിന്നശേഷിക്കാരെ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുണ്ട്.

## കോൾപിംഗ് ആലപ്പുഴ

### ബോർഡ് മീറ്റിംഗ്

കോൾപിംഗ് ബോർഡ് മീറ്റിംഗ് 9.8.2026 ൽ അർത്തുങ്കൽ വെച്ച് നടത്തപ്പെട്ടു. ചർച്ച ചെയ്യപ്പെട്ട പ്രധാനകാര്യങ്ങൾ 1.നവംബർ 8 നു കോൾപിംഗ് ദിനാഘോഷം എഴുപുന്ന സെൻറ് ആൻ്റണി പള്ളിയിൽ വെച്ച്

2.ഷീ ഓട്ടോ പദ്ധതി

3.കോൾപിംഗ് ഭവന പദ്ധതി

4.കോൾപിംഗ് ഉത്പന്നങ്ങൾ ഒരു കുടകീഴിൽ

5.മെഡിക്കൽ ക്യാമ്പകൾ സങ്കടിപ്പിക്കുക

6.ഗ്രൂപ്പുകളുടെ കണക്കുകളുംറിപ്പോർട്ടുകളും കൃത്യമാക്കുക പ്രവർത്തന രീതിമെച്ചപ്പെടുത്തി സ്വയം തൊഴിൽ പ്രവർത്തനം എല്ലാ യൂണിറ്റുകളിലും ഉണ്ടാവുക

### ഫെഡറേഷൻ മീറ്റിംഗ്

പുന്നപ്ര ഫെഡറേഷൻ മീറ്റിംഗ് 16.08.26, 2.30 ന് പുന്നപ്ര വിയാനി കോൺഫറൻസ് ഹാളിൽ വെച്ചു കൂടുകയുണ്ടായി. ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ച മീറ്റിംഗിൽ പുന്നപ്ര വില്ലേജ് കമ്മിറ്റി പ്രസിഡൻ്റ് ശ്രീ. റോയ് സ്വാഗതം ആശംസിക്കുകയും ഫെഡറേഷൻ പ്രസിഡൻ്റ് ശ്രീ പീറ്റർ അധ്യക്ഷപ്രസംഗം നടത്തുകയും ചെയ്തു . തുടർന്ന് കോൾപ്പിങ് ഡയറക്ടർ റവ ഫാ. ജോസഫ് മാർഷൽ മരക്കാശ്ശേരി മുഖ്യ പ്രഭാഷണത്തിൽ ഒരു യൂണിറ്റിൻ്റെ പ്രവർത്തനം എങ്ങനെ ആയിരിക്കണമെന്നും ഏതൊക്കെ മാനദണ്ഡങ്ങൾ പാലിച്ചു പ്രവർത്തിച്ചാൽ യൂണിറ്റിന് ആവശ്യമായ ലോൺ ലഭ്യമാകുമെന്നും പറയുകയുണ്ടായി. വിയാനി യൂണിറ്റ് ഡയറക്ടർ റവ. ഫാ. ക്ലീറ്റസ് കാരക്കാട്ട് യൂണിറ്റുകളുടെ ഒത്തൊരുമയുള്ള പ്രവർത്തനത്തേക്കുറിച്ചും എ ഡി എസ് സെക്രട്ടറി ശ്രീ. പുഷ്പരാജ് യൂണിറ്റുകളുടെ ക്രയ വിക്രയങ്ങളുടെ സുതാര്യതെയെ ക്കുറിച്ചും വിശദീകരിച്ചു പിന്നീട് കോൾപിംഗ് കോർഡിനേറ്റർ ശ്രീമതി. ഫിലോമിന ബെന്നി ബുക്കുകളിൽ കണക്കു എഴുതി സൂക്ഷിക്കുന്നത് എങ്ങനെ

ആയിരിക്കണമെന്നും വിവരിച്ചു. ആനിമേറ്റർ ശ്രീമതി. ജെസ്സിന്ത ബാബുവിന്റെ നന്ദിയോടെ മീറ്റിംഗ് അവസാനിച്ചു യൂണിറ്റുകളിൽ നിന്നുള്ള ഭാരവാഹികൾ പങ്കെടുത്തു.

സേവ് എ ഫാമിലി പദ്ധതിയുടെ ആഗസ്റ്റ് മാസത്തെ റിപ്പോർട്ട്. സേവ് എ ഫാമിലി പദ്ധതിയുടെ ഭാഗമായി അർത്തുങ്കൽ, ചേന്നവേലി, തൈക്കൾ എന്നീ ഇടവകകളിലെ 68 ഗുണഭോക്തൃകുടുംബങ്ങൾ സന്ദർശിക്കുകയും സ്വയം തൊഴിൽ പ്രവർത്തനങ്ങൾ വിലയിരുത്തുകയും അതിന്റെ പ്രവർത്തനങ്ങൾ സുഗമമായി പോകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**സേവ് എ ഫാമിലി യൂണിറ്റ് 2**

സേവ് എ ഫാമിലിയുടെ യൂണിറ്റ് 2 അനുവദിച്ചു. കഞ്ഞിക്കുഴി, പട്ടണക്കാട്, വയലാർ, കോടംതുരത്തു, ചെല്ലാനം എന്നീ പഞ്ചായത്തുകളും കൂടാതെ കൊച്ചിൻ കോർപ്പൊറേഷന്റെ ചില വാർഡുകളിൽനിന്നുമായി 240 കുടുംബങ്ങളെയാണ് രണ്ടാം യൂണിറ്റിൽ തിരഞ്ഞെടുത്തിരിക്കുന്നത്.

**ആശാകിരണം കാൻസർ സുരക്ഷാ യജ്ഞം**

ചികിത്സാ സഹായം

ആശാകിരണം കാൻസർ സുരക്ഷ യജ്ഞത്തിന്റെ ഭാഗമായി 2026 ആഗസ്റ്റ് മാസത്തിൽ ആലപ്പുഴ രൂപതയിലെ വിവിധ ഇടവകകളിൽ നിന്നുള്ള 2 കാൻസർ രോഗികൾക്ക് 10,000/ രൂപ ചികിത്സാ സഹായം നൽകി.

**പ്രഷ്യസ് ചിൽഡ്രൻ പ്രോഗ്രാം**

ആലപ്പുഴ രൂപത സൊസൈറ്റിയുടെ പഠനസഹായ പദ്ധതിയുടെ ഭാഗമായി ആഗസ്റ്റ് മാസത്തിൽ ഉപരിപഠന സഹായത്തിനായി 4 കുട്ടികളുടെ അക്കൗണ്ട് ആക്ടിവേഷൻ പൂർത്തിയാക്കി. ഈ മാസം അക്കൗണ്ട് ക്ലോസിംഗ് ഉണ്ടായിട്ടില്ല(0).

**കാവൽ പദ്ധതി**

നിയമവുമായി പൊരുത്തപ്പെടാൻ സാധിക്കാത്ത കുട്ടികളുടെ മാനസികവും ശാരീരികവും സാമൂഹികവുമായ സുസ്ഥിതി

ഉറപ്പാക്കാനും കുട്ടികളെ സാമൂഹികക്രമവുമായി പുന സംയോജിപ്പിക്കുവാനും സംസ്ഥാന വനിതാശിശു വികസന വകുപ്പ് ഇന്ത്യയിൽ ആദ്യമായി വികസിപ്പിച്ചെടുത്തു. കേരളത്തിലെ 14 ജില്ലകളിലും 28 സന്നദ്ധ സംഘടനകളുടെ സഹായത്തോടെ വിജയകരമായി നടപ്പിലാക്കി വരുന്ന തുടർച്ചാ പദ്ധതിയാണ് കാവൽ. ആലപ്പുഴ രൂപതാ സൊസൈറ്റിയുടെ കീഴിൽ നടപ്പിലാക്കിവരുന്ന ഈ പദ്ധതിയിലൂടെ 86 നിയമവുമായി പൊരുത്തപ്പെടാൻ സാധിക്കാത്ത കുട്ടികളുടെ പുനസംയോജന പ്രവർത്തങ്ങൾ നടന്നു വരുന്നു. കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന കുട്ടികളുടെ വീടുകൾ സന്ദർശിച്ച് അവരുടെ ജീവിത ചുറ്റു പാടുകൾ നേരിട്ട് മനസിലാക്കി അവർക്കു വേണ്ട പിന്തുണ നൽകുന്ന ഈ പദ്ധതിയുടെ ഭാഗമായി 2026 ആഗസ്റ്റ് മാസം 26 ഭവന സന്ദർശനങ്ങൾ നടത്തുകയുണ്ടായി.

## മാനസികപിന്തുണ

കേസുകളിൽ ഉൾപ്പെട്ട കുട്ടികൾക്ക് മാനസിക പിന്തുണ ഉറപ്പാക്കുന്നതിനായി കുട്ടികൾക്കും, അവരുടെ മാതാപിതാക്കൾക്കും കൗൺസിലിംഗ് സേവനങ്ങൾ നൽകി. ആഗസ്റ്റ് മാസം 9 കുട്ടികൾക്ക് വ്യക്തികത കൗൺസിലിങ്ങും 7 കുടുംബങ്ങൾക്ക് ഫാമിലി കൗൺസിലിങ്ങും നൽകി. ഇത് കൂടാതെ അടിയന്തിര സാഹചര്യങ്ങളിൽ 11 കുട്ടികൾക്ക് ടെലി കൗൺസിലിങ്ങും ലഭ്യമാക്കി.

## വിദ്യാഭ്യാസ സഹായം

9 കുട്ടികൾക്ക് വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെകുറിച്ച് അവബോധം നൽകുകയും 11 പേർക്ക് വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളെ പരിചയപ്പെടുത്തുകയും ചെയ്തു. ആലപ്പുഴ ജില്ലയിലെ വിവിധ പ്രൈവറ്റ്കോളേജുകളുടെയും, ഐ.ടി.ഐ പോലുള്ള തൊഴിലധിഷ്ഠിത സ്ഥാപനങ്ങളുടെയും സഹകരണത്തോടുകൂടെ 4 കുട്ടികൾക്ക് തുടർ വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനു വേണ്ട സഹായങ്ങൾ ചെയ്തു നൽകി.

## നിയമസഹായം

8 കുട്ടികളുടെ കേസുമായി ബന്ധപ്പെട്ട് അവർക്കനുവദിച്ചിട്ടുള സൗജന്യ നിയമ സഹായ സംവിധാനങ്ങളെ പറ്റി

കുട്ടികൾക്കും മാതാപിതാക്കൾക്കും അവബോധം നല്കുകയും അവരുടെ സംശയങ്ങൾ പരിഹരിച്ചു നല്കുകയും ചെയ്തു.

**ലഹരി വിമോചന ചികിത്സ**

1 കുട്ടി ലഹരി വിമോചന ചികിത്സാ പൂർത്തിയാക്കി. കുട്ടിയെ ആഫ്റ്റർ കെയർ ഹോം തലശ്ശേരിയിലേക് മാറ്റി. 1 കുട്ടി ലഹരി വിമോചന ചികിത്സ തുടരുന്നു.

**കാവൽ പ്ലസ് പദ്ധതി**

ലൈംഗിക അതിക്രമങ്ങൾ നേരിട്ടവരും, ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ളവരുമായ കുട്ടികൾക്കു വേണ്ടി സംസ്ഥാന വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് കാവൽ പ്ലസ്. ഈ പദ്ധതിയുടെ ഭാഗമായി 49 കുട്ടികളുടെ കേസുകൾ നിലവിൽ കൈകാര്യം ചെയ്യുന്നു. ഈ പദ്ധതിയുടെ ഭാഗമായി 2026 ആഗസ്റ്റ് ഭവന സന്ദർശനങ്ങൾ നടത്തുകയുണ്ടായി.

**മാനസികപിന്തുണ**

ലൈംഗിക അതിക്രമങ്ങൾ നേരിട്ടവരും, ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ളവരുമായ 5 കുട്ടികൾക്ക് വ്യക്തിഗത കൗൺസിലിങ്ങും 8 മാതാപിതാക്കൾക്ക് പാരന്റൽ കൗൺസിലിംഗും നൽകി 3 കുടുംബത്തിന് ഫാമിലി കൗൺസിലിങ്ങും ലഭ്യമാക്കി. ഇത് കൂടാതെ അടിയന്തിര സാഹചര്യങ്ങളിൽ 4 കുട്ടികൾക്ക് ടെലി കൗൺസിലിങ്ങും ലഭ്യമാക്കി.

**കരിയർ ഗൈഡൻസ്**

ഒരു കുട്ടിക്ക് OEN India Limited Â സ്റ്റൈപന്റോടുകൂടിയ തൊഴിൽ ലഭിക്കുന്നതിനാവശ്യമായ കരിയർ മാർഗനിർദേശവും പിന്തുണയും നൽകി.

**ഔട്ട്റീച്ച് പ്രോഗ്രാം**

പട്ടണക്കാട് പട്ടികജാതി വികസന വകുപ്പിലെ സോഷ്യൽ വർക്കറുടെ സഹകരണത്തോടെ ടഇ/ടഠ വിഭാഗത്തിൽപ്പെട്ട ഒരു ഇചഇജ കുട്ടിയെ കണ്ടെത്തുകയും തുടർ ഇടപെടലുകൾക്കായി ആവശ്യമായ പിന്തുണ നൽകുകയും ചെയ്തു. നിലവിലെ

കുടുംബ സാഹചര്യം പരിശോധിക്കുകയും കുട്ടിയുടെ വിദ്യാഭ്യാസ സാഹചര്യങ്ങൾ വിലയിരുത്തുകയും ചെയ്തു. ഇണഇ, ഉഇജഡ. മുൻപാകെ കുട്ടിയുടെ വിശദമായ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു .

**വിദ്യാഭ്യാസ സഹായം**

1 കുട്ടിക്ക് GTECൽ പ്രവേശനം നേടുന്നതിനുള്ള ആവശ്യമായ വിദ്യാഭ്യാസ സഹായം നൽകി. കൂടാതെ, +1ൽ പഠിക്കുന്ന 3 കുട്ടികൾക്കും അവരുടെ സഹോദരങ്ങൾക്കും ആവശ്യമായ നോട്ട്സ് നൽകുകയും, ആവശ്യാനുസരണം ഓൺലൈൻ പഠനസഹായം നൽകി വരികയും ചെയ്യുന്നു.

**കേരള ലേബർ മൂവ്മെന്റ് (കെ.എൽ.എം.)**
**എമ്പവർ ക്രാഫ്റ്റ് പദ്ധതി സഹായ ഉപകരണ വിതരണം**

കെ.എൽ.എം സംസ്ഥാന സമിതിയുടെ എമ്പവർ ക്രാഫ്റ്റ് പദ്ധതിയുടെ ഭാഗമായി ലഭിച്ച പൊന്തും വലയും കൃഷി ഉപകരണങ്ങളും മത്സ്യത്തൊഴിലാളികൾക്കും വിവിധ ഇടവകകളിൽ നിന്നുള്ള അർഹരായ ഗുണഭോക്താക്കൾക്കും വിതരണം ചെയ്തു. ആലപ്പുഴ രൂപത കെ.എൽ.എം ഡയറക്ടർ റവ. ഫാ. ജോസഫ് മാർഷൽ മരക്കാശ്ശേരിയുടെ അധ്യക്ഷത യിൽ നടന്ന സമ്മേളനം ആലപ്പുഴ രൂപതാ മെത്രാൻ അഭിവന്ദ്യ ജെയിംസ് ആനാപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. ആലപ്പുഴ നിയോജക മണ്ഡലം എം.എൽ.എ ശ്രീ. എ.ഡി. തോമസ് മുഖ്യാതിഥിയായിരുന്നു.

കെ.എൽ.എം സംസ്ഥാന പ്രസിഡന്റ് ശ്രീ. ജോസ് മാത്യു, വാർഡ് മെമ്പർ ശ്രീമതി സിബിൾ മാർട്ടിൻ എന്നിവർ ആശംസകൾ അർപ്പിച്ചു. ഓമനപ്പുഴ സെന്റ് സേവ്യർ ഇടവക വികാരി റവ. ഫാ. ഡാർവിൻ ജോസഫ് സന്നിഹിതനായിരുന്നു. കെ.എൽ.എം ആലപ്പുഴ പ്രസിഡന്റ് ശ്രീ. സോളമൻ അറക്കൽ സ്വാഗതവും സെക്രട്ടറി ശ്രീ. വിൽസൺ പൊള്ളയിൽ നന്ദിയും രേഖപ്പെടുത്തി. കെ.എൽ.എം ഭാരവാഹികൾ, രൂപതാ സൊസൈറ്റി സ്റ്റാഫുകൾ, വിവിധ ഇടവകകളിൽ നിന്നുള്ള ഗുണഭോക്താക്കൾ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

## കമ്മീഷൻ ഫോർ ചിൽഡ്രൻ വാർത്തകൾ

## നവദർശൻ കൗൺസിലിംഗ് & ഗൈഡൻസ്

ആലപ്പുഴ രൂപത കുട്ടികളുടെ കമ്മീഷന്റെ ആഭിമുഖ്യത്തിൽ കുട്ടികളിലെ മാനസിക സമ്മർദ്ദം, പഠന ശ്രദ്ധക്കുറവ് തുടങ്ങിയ കാര്യങ്ങൾക്ക് മാർഗ്ഗദർശനം നൽകുന്ന സംവിധാനം നവദർശൻ കൗൺസിലിംഗ് & ഗൈഡൻസ് ' എന്ന പേരിൽ കർമ്മസദൻ പാസ്റ്റൽ സെന്റർ കോമ്പൗണ്ടിലുള്ള കുട്ടികളുടെ കമ്മീഷന്റേയു തിരുബാലസഖ്യത്തിന്റേയും ഓഫീസിൽ ആരംഭിച്ചിട്ടുണ്ട് . പരിശീലനം ലഭിച്ച കൗൺസിലർമാർ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതാണ്.

***ബന്ധപ്പെടേണ്ട വിലാസം***

***ഡയറക്ടർ***
കമ്മീഷൻ ഫോർ ചിൽഡ്രൻ & തിരുബാലസഖ്യം.
ആലപ്പുഴ രൂപത, കർമ്മ സദൻ പാസ്റ്ററൽ സെന്റർ
കോൺവെന്റ് സ്ക്വയർ, ആലപ്പുഴ 12
ഫോൺ 8072212160

**ജോസ് ആന്റണി** | **Sr. സോണിയ**
**(ഡയറക്ടർ)** | **(സെക്രട്ടറി)**

## തിരുബാലസഖ്യം

ആലപ്പുഴ രൂപത

## ബാല കർഷക വേദി
## പച്ചക്കറി വിത്ത് വിതരണം

നമ്മൾ ആരംഭിച്ച ബാല കർഷക വേദിയുടെ ആഭിമുഖ്യത്തിൽ പച്ചക്കറി കൃഷി ഇപ്പോൾ ചെയ്യുന്നവരും ഇനി ചെയ്യാൻ ആഗ്രഹിക്കുന്നവരുമായ കുട്ടി കർഷകർക്ക് വിത്ത് വിതരണം ചെയ്യുന്നു. 20/09/2026 ഞായർ ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണി വരെ അർത്തുങ്കൽ യുവസ്വപ്നയിൽ വച്ച് വിതരണം ചെയ്യുന്നു . താൽപ്പര്യമുള്ള കുട്ടി കർഷകർക്ക് വിത്തുകൾ നൽകുന്നതാണ് . ആനിമേറ്റർമാരോ രക്ഷിതാക്കളോ കുട്ടികളുമായി വന്ന് വിത്തുകൾ വാങ്ങുക.

താഴെ കൊടുത്തിട്ടുള്ള ഫോം വെള്ള പേപ്പറിൽ പൂരിപ്പിച്ച് കൊണ്ടുവരേണ്ടതാണ്

തിരുബാലസഖ്യം

ആലപ്പുഴ രൂപത

**ബാലകർഷക വേദി**

കുട്ടികർഷകന്റെ പേര് :

ക്ലാസ്സ് :

ഇടവക :

രക്ഷിതാവിന്റെ പേര് :

വിലാസം :

ഫോൺ നമ്പർ :

ആനിമേറ്ററുടെ പേരും ഒപ്പും :

ഇടവക വികാരിയുടെ ഒപ്പ് :

## ഹെൽത്ത് കമ്മീഷൻ വാർത്തകൾ

ആഗസ്റ്റ് മാസം 30-ാം തീയതി മായിത്തറ തിരുഹൃദയ ദേവാലയത്തിൽവച്ച് ആലപ്പുഴ ഹെൽത്ത് കമ്മീഷൻറെയും സാമൂഹ്യശുശ്രൂഷ സമിതിയുടെയും സംയുക്താഭിമുഖ്യത്തി ൽ ക്യാൻസർ ബോധവത്കരണ പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു. ബഹുമാനപ്പെട്ട സൈമൺ കുരിശിങ്കൽ അച്ചൻ ക്യാമ്പ് ഉത്ഘാടനം ചെയ്തു. ഡോ. പ്രവീൺ നൈനാൻ ക്യാൻസർ പ്രതിരോധം, രോഗലക്ഷണങ്ങൾ നേരത്തെ കണ്ടെത്തുന്നതിന്റെ പ്രാധാന്യം എന്നിവയെക്കുറിച്ച് ക്ലാസ്സ് നയിച്ചു. ഡോ. കെ എസ്സ് മനോജ്, ഡോ.പ്രവീൺ, ഡോ. റെയ്ച്ചൽ, ഡോ. ഡോണ മെറിൻ എന്നിവർ പരിശോധന നടത്തി. മായിത്തറ സാമൂഹ്യ ശുശ്രൂഷസമിതിയും ആലപ്പുഴ കാതോലിക്ക് നേഴ്സ് ഗിൽഡ് അംഗങ്ങളും ക്യാമ്പിന് നേതൃത്വം നൽകി.

ഡയറക്ട്രസ്
**സി. ഡോ. ക്രിസ്റ്റീനാ ജോൺ**

കോ ഓഡിനേറ്റർ
**കെ.എസ്. മനോജ്**

## KLCWA ആലപ്പുഴ രൂപത വാർത്തകൾ

9/8/2026 അഴീക്കൽ സെന്റ് ഫ്രാൻസിസ് സേവിഴ്സ് ഇടവക KLCWA യും ചൈതന്യ EYE HOSPITAL സംയുക്തമായി സംഘടിപ്പിച്ച സൗജന്യ നേത്ര പരിശോധന തിമിര ചികിത്സാ ക്യാമ്പ് നടത്തി. ഓണത്തോട് അനുബന്ധിച്ച് നിർധനരായ കുടുംബങ്ങൾക്ക് ചില ഇടവകകളിൽ ഓണക്കിറ്റ് വിതരണം നടത്തി.

| ഡയറക്ടർ | സെക്രട്ടറി |
|---|---|
| **സി. അംബി ലിയോൺ** | **അനിത നിക്സൺ** |

---

അന്താരാഷ്ട്ര വിൻസെൻഷ്യൻ വനിത ദിനമായ ഓഗസ്റ്റ് 14നോട് അനുബന്ധിച്ച് ആലപ്പുഴ സെൻട്രൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 2026 ഓഗസ്റ്റ് 22ന് സെന്റ് ആന്റണീസ് ബോയ്സ് ഹോമിൽ വെച്ച് വനിതാ ദിനാഘോഷം നടത്തപ്പെട്ടു.

ആഘോഷമായ ദിവ്യബലിക്ക് രൂപത മതബോധന ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ശാസ്താം പറമ്പിൽ മുഖ്യ കാർമികത്വം വഹിച്ചു, സി സി യുടെ അദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഫാ. ഇഗ്നേഷ്യസ് ചുള്ളിക്കൽ സഹ കാർമികത്വം വഹിച്ചു.

സി. സി. വൈസ് പ്രസിഡന്റ് ബ്ര. അനിൽ ആന്റണി അധ്യക്ഷത വഹിച്ച പൊതുസമ്മേളനം കെ. ആർ. സി സി വനിത പ്രതിനിധി സി. ദീപ മനു ഉദ്ഘാടനം ചെയ്തു.

സി. സി. വനിത പ്രതിനിധി പ്രൊഫസർ ഡോ. ക്ലാര സൈമൺ, സി ഗ്ലാഡിസ് പയസ്, തുടങ്ങിയവർ പ്രസംഗിച്ചു. ആലപ്പുഴ സെന്റ് ജോസഫ് കോളേജ് ബോട്ടണി വിഭാഗം പ്രൊഫസർ ഡോ. ഡയാന സുസ്ഥിര ജീവിതശൈലി എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടത്തി. വനിതാ അംഗങ്ങളും കുടുംബാംഗങ്ങളും പങ്കെടുത്ത വിവിധ കലാപരിപാടികളും നടത്തപ്പെട്ടു. സി. മിനി. സി. അമ്മിണി ക്ലീറ്റസ് ബ്ര. മൈക്കിൾ ബെഞ്ചമിൻ ബ്ര. സോണി കെ. എസ്., ബ്ര . ജെയിംസ് ഇ.എ. തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം വഹിച്ചു.

**അഗസ്റ്റിൻ . ഇ . എ .**
(സി. സി. പ്രസിഡന്റ്)

*As they were looking on, so we too gaze on his wounds as he hangs. We see his blood as he dies. We see the price offered by the redeemer, touch the scars of his resurrection. He bows his head, as if to kiss you. His heart is made bare open, as it were, in love to you. His arms are extended that he may embrace you. His whole body is displayed for your redemption. Ponder how great these things are. Let all this be rightly weighed in your mind: as he was once fixed to the cross in every part of his body for you, so he may now be fixed in every part of your soul." – St. Augustine*

# KCYM വാർത്തകൾ

## അരീന 2026: ഫുട്ബോൾ ടൂർണമെന്റിലും പെനാൽറ്റി ഷൂട്ടൗട്ടിലും ആവേശം

**ചേർത്തല:** യുവജ്യോതി കെ.സി.വൈ.എം. ആലപ്പുഴ രൂപതയുടെ നേതൃത്വത്തിൽ 'അരീന 2026' ഫുട്ബോൾ ടൂർണമെന്റും പെനാൽറ്റി ഷൂട്ടൗട്ട് മത്സരവും ആവേശകരമായി സംഘടിപ്പിക്കപ്പെട്ടു. രണ്ട് ദിവസങ്ങളിലായി രണ്ട് വേദികളിൽ സംഘടിപ്പിച്ച മത്സരങ്ങളിൽ യുവജനങ്ങളുടെ മികച്ച പങ്കാളിത്തമുണ്ടായി.

ഓഗസ്റ്റ് 22 ശനിയാഴ്ച ചേർത്തല ആസ്ടെക ടർഫിൽ നടന്ന അരീന 2026 ഫുട്ബോൾ ടൂർണമെന്റിൽ 14 ടീമുകൾ പങ്കെടുത്തു. യുവജ്യോതി കെ.സി.വൈ.എം. ആലപ്പുഴ രൂപത ഡയറക്ടർ ഫാ. ജോർജ് ജോസഫ് ഇരട്ടപുളിക്കൽ ടൂർണമെന്റിന്റെ കിക്ക് ഓഫ് നിർവഹിച്ചു. ആവേശകരമായ മത്സരങ്ങൾക്കൊടുവിൽ കാട്ടൂർ മേഖല ടീം ഒന്നാം സ്ഥാനം കരസ്ഥമാക്കുകയും പള്ളിത്തോട് യൂണിറ്റ് രണ്ടാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു.

തുടർന്ന് ഓഗസ്റ്റ് 23 ഞായറാഴ്ച കാട്ടൂർ ഹോളി ഫാമിലി വിസിറ്റേഷൻ സ്കൂൾ ഗ്രൗണ്ടിൽ യുവതികൾക്കായി അരീന 2026 പെനാൽറ്റി ഷൂട്ടൗട്ട് മത്സരം സംഘടിപ്പിച്ചു. ഫാ. ജോർജ് ജോസഫ് ഇരട്ടപുളിക്കൽ മത്സരത്തിന്റെ കിക്ക് ഓഫ് നിർവഹിച്ചു. മികച്ച പ്രകടനം കാഴ്ചവെച്ച കാട്ടൂർ യൂണിറ്റ് വിജയികളായി.

യുവജ്യോതി കെ.സി.വൈ.എം. ആലപ്പുഴ രൂപത പ്രസിഡന്റ് ശ്രീ. എൽറോയ് പി.ജെ., വൈസ് പ്രസിഡന്റ് ശ്രീ. ആകാശ് ആന്റണി, ജോയിന്റ് സെക്രട്ടറി ശ്രീ. ഷീൻ ജോബ്, ഖജാൻജി ശ്രീ. ലിബിൻ കിങ്കരൻ എന്നിവരുടെ മേൽനോട്ടത്തിലാണ് പരിപാടികൾ സംഘടിപ്പിച്ചത്.

## BCC വാർത്തകൾ

ഇടവക തല ട്രെയിനിംഗ് കാര്യക്ഷമമായ രീതിയിൽ ക്രമീകരിക്കപ്പെട്ടു.

1. 28/6/2026 ൽ അർത്തുങ്കൽ ബസലിക്കയിൽ വച്ച് ഭാരവാഹികൾക്കായ് ശ്രീ. ജോസ് രാജ് ക്ലാസ് നയിച്ചു.
2. 28/6/2026 ൽ ആയിരം തൈപള്ളിയിൽ ബി.സി .സി. ഭാരവാഹികൾക്കായ് ജോസ് രാജ്, ബിനു ക്ലീറ്റസ്, കുഞ്ഞുമോൻ എന്നിവർ ക്ലാസ് നയിച്ചു.
3. 28/6/2026 ൽ ചെട്ടി കാട് മരിയ ഗൊരേറ്റി പള്ളിയിൽ ഭാരവാഹികൾക്കായ് ജോസ് ആറുകാട്ടി, സോണി ജോജി എന്നിവർ ക്ലാസ് നയിച്ചു.
4. 12/7/2026 ൽ ചെറിയ പൊഴി പള്ളിയിൽ വച്ച് കാട്ടൂർ ഫൊറോന ആനിമേറ്റേഴ്സിന് ട്രെയിനിംഗ് നടത്തി. 85 പേർ പങ്കെടുത്തു. രൂപതാ ഡയറക്ടർ ഫാ.ജോൺസൺ പുത്തൻ വീട്ടിൽ, ബൈജു , ബെന്നി ജയിംസ് എന്നിവർ നേതൃത്വം നൽകി.
5. 19/7/2026 ൽ ഒറ്റമശ്ശേരിയിൽ ഭാരവാഹികൾക്കായ് അഡ്വ. ആന്റണി നിൽട്ടൻ, ജോസ് ആറുകാട്ടി എന്നിവർ ക്ലാസുകൾ എടുത്തു.
6. 19/7/2026 ൽ പള്ളിത്തോട് മനക്കോടം ഫൊറോന ആനിമേറ്റേഴ്സിനുള്ള ട്രെയിനിംഗ് സംഘടിപ്പിച്ചു. 46 പേർ പങ്കെടുത്തു. ഫാ.ജോൺസൺ, ബൈജു, ബെന്നി എന്നിവർ നേതൃത്വം നൽകി.
7. 19/7/2026 ൽ കണ്ടക്കടവ് പള്ളിയിൽ ഫൊറോന ആനിമേറ്റഴ്സിനായ് ട്രെയിനിംഗ് നടന്നു. 61 പേർ പങ്കെടുത്തു. ഫാ.ജോൺസൺ, ബൈജു എന്നിവർ നേതൃത്വം നൽകി.
8. 22/7/2026 രൂപതാ എക്സിക്യൂട്ടീവ് കത്തീഡ്രൽ ക്യാംപസിൽ വച്ച് ഒരുമിച്ച് കൂടുകയും ജൂബിലിയോടനു

ബന്ധിച്ച് ബിസിസി തലത്തിൽ നടപ്പാക്കേണ്ട നിർദ്ദേശങ്ങൾ ഏകോപിപ്പിച്ചു.

9. 26/7/2026 ൽ മരിയപുരത്ത് ഭാരവാഹികൾക്കായ് ക്ലാസ് സംഘടിപ്പിച്ചു. ജോസ് രാജ്, സോണി ജോജി എന്നിവർ നേതൃത്വം നൽകി.

10. രൂപതാ ഭാരവാഹികൾ കണ്ടക്കടവ്, മനക്കോടം, അർത്തുങ്കൽ ഫൊറോനകളിലെ ഭാരവാഹികളുടെ യോഗത്തിൽ പങ്കെടുത്ത് ഇടവക ഫൊറോന തല ബി സി സി പ്രവർത്തനങ്ങൾ സജീവമാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ സ്വീകരിച്ചു.

11. 23/8/2026 ൽ പുന്നപ്ര സെന്റ് അലോഷ്യസ് കോൺവന്റിൽ വച്ച് രൂപതാ നേതൃത്വവും സോണൽ നേതൃത്വവും ഒരുമിച്ച് കൂടി ആരാധനയും പ്രാർഥനയും ഫാമിലി മിനിസ്ട്രി ഡയറക്ടർ റവ. ഫാ. ജോയ് അറക്കലിന്റെ ക്ലാസും പദ്ധതി രൂപീകരണവും സംഘടിപ്പിച്ചു.

12. 30/2026 ൽ കാളാത്ത് സെന്റ് പോൾസ് ദൈവാലയത്തിൽ ബി.സി. സി. നേതൃത്വത്തിന് ക്ലാസ് സംഘടിപ്പിച്ചു. ബന്നി ജയിംസ് നേതൃത്വം നൽകി.

**ജ്യോതി സോണി**
(സെക്രട്ടറി)

*"When a woman is in travail, she has sorrow, because her hour has come; but when she is delivered of the child, she no longer remembers the anguish, for joy that a child is born into the world' (Jn. 16:21). The first part of Christ's words refer to the "pangs of childbirth" which belong to the heritage of original sin; at the same time these words indicate the link that exists between the woman's motherhood and the Paschal Mystery. For this mystery also includes the Mother's sorrow at the foot of the cross – the Mother who through faith shares in her Son's amazing "self-emptying": 'This is perhaps the deepest 'kenosis' of faith in human history."*

*St John Paul*

# സ്നേഹ സമൂഹം

## കുടുംബങ്ങളുടെ കൂട്ടായ്മ

## ആത്മീയവർഷം 2025 – 26

**ബുള്ളറ്റിൻ 363** ആത്മാവിനെയും പ്രകൃതിയെയും സംരക്ഷിക്കാം **സെപ്റ്റംബർ 2026**

**സ്വാഗതം**
**ഗാനം**
**ബൈബിൾപ്രതിഷ്ഠ**
**യേശുവിനെ ക്ഷണിക്കൽ**

**വചന വായന**

**യോഹന്നാൻ 17 : 20-26**

**വചന വിശകലനം**

**സ്വയം പ്രേരിത പ്രാർത്ഥന**
**വിഷയാവതരണം**
**(വിചാരം)**
**ചർച്ച**
**പ്രവർത്തനം രൂപപ്പെടുത്തൽ**
**മുൻമാസ പ്രവർത്തനങ്ങൾ**
**വിശദീകരണം**
**റിപ്പോർട്ട് വായന**
**അറിയിപ്പുകൾ**
**ബൈബിൾ വന്ദനം**

**വിവക്ഷ :** *മിഷൻ സൺഡേ: കരുണയിൽ അധിഷ്ഠിതമായ ഐക്യം - മിഷനറി സഭയുടെ അതിജീവനവും സാക്ഷ്യവും*

**വിചാരം :** *ലോകമിഷൻ ഞായറിന്റെ ശതാബ്ദി തികയുന്ന ഈ 2026 സെപ്റ്റംബറിൽ സഭയുടെ പ്രേഷിത ദൗത്യത്തെക്കുറിച്ച് നാം ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്.*

*കഴിഞ്ഞ ഒരു പതിറ്റാണ്ടിലെ രണ്ട് പ്രധാന മിഷൻ സന്ദേശങ്ങളെ (2016, 2026) മുൻനിർത്തി പഠിക്കുമ്പോൾ, സഭയുടെ ദൗത്യം കരുണയിൽ തുടങ്ങി ഐക്യത്തിൽ പൂർത്തിയാകുന്ന ഒന്നാണെന്ന് വ്യക്തമാകുന്നു. 2016-ൽ ഫ്രാൻസിസ് പാപ്പ നൽകിയ സന്ദേശം കരുണയെ മിഷന്റെ ഹൃദയമിടിപ്പായി അവതരിപ്പിച്ചു (മിഷനറി സഭ, കരുണയുടെ സാക്ഷി).പീഡനങ്ങളും സാമൂഹിക-രാഷ്ട്രീയ പ്രതിസന്ധികളും അനുഭവിക്കുന്ന പാവപ്പെട്ടവർ, സ്ത്രീകൾ, കുട്ടികൾ എന്നിവരിലേക്ക് ദൈവത്തിന്റെ മാതൃസഹജമായ ആർദ്രത എത്തിക്കു*

*ക എന്നതായിരുന്നു സഭയുടെ പ്രാഥമിക ചുമതല. എന്നാൽ 2026-ൽ, ആഗോളമിഷൻ ഞായറിന്റെ 100-ാം വാർഷിക വേളയിൽ ലിയോ പതിനാലാമൻ പാപ്പ നൽകുന്ന സന്ദേശം ക്രിസ്തുവിൽ ഒന്നു ചേർന്ന്, ദൗത്യത്തിൽ ഒന്നായി എന്ന ആഹ്വാനമാണ്. മിഷൻ എന്നത് ക്രിസ്തുവുമായുള്ള ആഴമായ ആത്മീയ ബന്ധത്തിൽ നിന്നാണ് (മുന്തിരിവള്ളിയും ശാഖകളും പോലെ) ഉടലെടുക്കു ന്നത്. 'എല്ലാവരും ഒന്നായിരിക്കാൻ' (യോഹ. 17:21) എന്ന ക്രിസ്തുവിന്റെ പ്രാർത്ഥന ഉൾക്കൊണ്ട്, സഭയ്ക്കുള്ളിലെ ഭിന്നതകളും ധ്രുവീകരണങ്ങളും അവസാനിപ്പിക്കാൻ പാപ്പ ആഹ്വാനം ചെയ്യുന്നു. നിഖ്യാ കൗൺസിലിന്റെ 1700-ാം വാർഷികത്തിന്റെ പശ്ചാത്തലത്തിൽ, വിഭജിക്കപ്പെട്ട ലോകത്തിനു മുന്നിൽ സുവിശേഷം വിശ്വസനീയമാകണമെങ്കിൽ ക്രൈസ്തവർ കുടുംബത്തിലും കൂട്ടായ്മകളിലും പൊതു സമൂഹത്തിലും പങ്കുവയ്ക്കുന്ന, സജീവവും മാതൃകാപരവുമായ ഐക്യവും സാക്ഷ്യവും അത്യാവശ്യമാണ്.*

**ചർച്ച:**

(1) ദൈവത്തിന്റെ കരുണയും ആർദ്രതയും നമ്മുടെ ഇടവകയിലും കുടുംബങ്ങളിലും വ്യക്തി ജീവിതത്തിലും എങ്ങനെയാണ് നാം പ്രായോഗികമാക്കുന്നത്?

(2) സഭയ്ക്കുള്ളിലെ ഭിന്നതകളും ധ്രുവീകരണങ്ങളും സുവിശേഷ സാക്ഷ്യത്തിന്റെ വിശ്വാസ്യതയെ ബാധിക്കുന്നു ണ്ടോ? ഐക്യം പുനഃസ്ഥാപിക്കാൻ നമുക്ക് എന്തെല്ലാം ചെയ്യാം?

(3) മാമോദീസാ സ്വീകരിച്ച വ്യക്തികൾ എന്ന നിലയിൽ ആഗോള പ്രേഷിത ദൗത്യത്തിൽ പങ്കാളികളാകാൻ പ്രാർത്ഥനയിലൂടെയും സാമ്പത്തിക സഹായത്തിലൂടെയും നമുക്ക് എങ്ങനെ സാധിക്കും?

**കർമ്മം:**

(1) നമ്മുടെ ചുറ്റുമുള്ള നിർദ്ധനരും പാർശ്വവൽക്കരിക്കപ്പെട്ട വരുമായ വ്യക്തികൾക്കോ കുടുംബങ്ങൾക്കോ ദൈവത്തിന്റെ കരുണ തൊട്ടറിയാൻ തക്കവിധത്തിലുള്ള ഒരു സഹായഹസ്തം നൽകുക.

(2) വ്യക്തിപരമായോ കുടുംബപരമായോ നിലനിൽക്കുന്ന ഭിന്നതകളും വിദ്വേഷങ്ങളും അവസാനിപ്പിച്ച് ക്രിസ്തുവിൽ

ഒന്നാകുന്നതിനായി കുടുംബ കൂട്ടായ്മകളിലും ഇടവക തലത്തിലും ഐക്യത്തിന്റെ സന്ദേശം പ്രഘോഷിക്കുകയും പ്രായോഗികമാക്കുകയും ചെയ്യുക.

(3) ആഗോളമിഷൻ ഞായറിനോടനുബന്ധിച്ച് പാപ്പയുടെ പ്രേഷിത സഹായ സംഘങ്ങളിലേക്ക് (Pontifical Mission Societies) ഉദാരമായി സംഭാവന നൽകുകയും മിഷനറിമാർക്കായി കുടുംബ പ്രാർത്ഥനയിൽ പ്രത്യേക പ്രാർത്ഥന നടത്തുകയും ചെയ്യുക.

## *ജപമാല മാസാചരണത്തോടനുബന്ധിച്ച് രൂപതയിൽനിന്നുള്ള ചില മാർഗനിർദ്ദേശങ്ങൾ*

നമ്മുടെ ആലപ്പുഴ രൂപതയിൽ വളരെ ഭക്തിയോടും സജീവമായും ജപമാല മാസാചരണം നടന്നുവരുന്നത് ഏറെ സന്തോഷകരമാണ്. ഇടവകസമൂഹവും, നമ്മുടെ കുടുംബങ്ങളും ആത്മീയ വളർച്ചയ്ക്കായി ഈ ആചരണത്തെ പ്രയോജനപ്പെടുത്തുന്നുവെന്നത് പ്രശംസനീയമാണ്. പ്രാർത്ഥനാപൂർവ്വമുള്ള ഒരുക്കം, കുമ്പസാരം, വൈദികരും സന്യസ്തരും അൽമായരും ഒത്തുചേർന്ന് നൽകുന്ന മരിയൻ ധ്യാനചിന്തകൾ എന്നിവയെല്ലാം ഇതിന്റെ അനുഗ്രഹീതമായ ഫലങ്ങളാണ്. എന്നാൽ, ചിലയിടങ്ങളിലെങ്കിലും ജപമാല മാസാചരണത്തിന്റെ ആത്മീയാന്തരീക്ഷത്തിന് മങ്ങലേൽപ്പിക്കുന്ന രീതിയിലുള്ള അപചയങ്ങൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് പലരും ആശങ്ക പങ്കുവെക്കുകയും പരാതി നൽകുകയും ചെയ്തിട്ടുള്ളതുമാണ്. കഴിഞ്ഞ വൈദിക സമ്മേളനത്തിലെ തീരുമാനപ്രകാരം, ഒക്ടോബർ മാസത്തിലെ ജപമാല ആചരണം കൂടുതൽ സമുചിതവും ക്രമബദ്ധവുമാക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ സ്നേഹാദരവോടെ പാലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

1. തിരുസ്വരൂപ പ്രയാണം: ഇടവകകളിൽ തിരുസ്വരൂപ പ്രയാണം നടത്തുന്ന പതിവുണ്ടെങ്കിൽ, അത് ബാഹ്യമായ ആഡംബരങ്ങൾ ഒഴിവാക്കി ലളിതമായി ക്രമീകരിക്കേണ്ടതാണ്. വിശ്വാസികളുടെ ഭക്തിയും ആത്മീയതയും വർദ്ധിപ്പിക്കുന്ന രീതിയിൽ പ്രാർത്ഥനാപൂർവ്വം ഇത് നടത്തുവാൻ പ്രത്യേകം ശ്രദ്ധിക്കണം. "മാതാവ് വരുന്നു, മാതാവിന് സ്വീകരണം നൽകുന്നു" തുടങ്ങിയ തെറ്റായ ധാരണ ഉണ്ടാക്കുന്ന പദപ്രയോഗങ്ങൾ പൂർണ്ണമായും

ഒഴിവാക്കണം. ഉതപ്പിനോ ഇടർച്ചയ്ക്കോ കാരണമായേക്കാവുന്ന സാഹചര്യങ്ങൾ ഒഴിവാക്കണം. തിരുസ്വരൂപ സ്വീകരണത്തിനുള്ള ഭവനങ്ങൾ നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കുക. കുട്ടികൾ, യുവതി യുവാക്കൾ, മുതിർന്നവർ ഇവരെല്ലാം നേതൃത്വവും സന്ദേശവും നൽകുന്ന രീതി പ്രോത്സാഹിപ്പിക്കുക.

2. പൊതുനിരത്തിലൂടെ തിരുസ്വരൂപം വഹിച്ചുകൊണ്ടുള്ള യാത്ര വാഹനങ്ങൾക്കും പൊതുഗതാഗതത്തിനും യാതൊരു ബുദ്ധിമുട്ടും ഉണ്ടാക്കാതെ ക്രമീകരിക്കേണ്ടതാണ്.
3. തിരുസ്വരൂപം വെച്ചുകൊണ്ടുള്ള ജാഗരണ പ്രാർത്ഥനകൾ ഉണ്ടെങ്കിൽ സുരക്ഷാ മുൻകരുതലുകൾ എടുക്കേണ്ടതാണ്. ശബ്ദനിയന്ത്രണം പൂർണ്ണമായും പാലിക്കണം.
4. ഒക്ടോബർ മാസചരണത്തിന്റെ ഭാഗമായി ഏതെങ്കിലും തരത്തിലുള്ള ധനസമാഹരണ പ്രവർത്തനങ്ങളോ സംഭാവനകൾ സ്വീകരിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ അതെല്ലാം ഇടവകയുടെ പൊതു കണക്കിൽ കൃത്യമായിരേഖപ്പെടുത്തപ്പെടേണ്ടതും സാമ്പത്തിക വർഷാവസാനം ഈ വിവരങ്ങൾ ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണ്.
5. ആഘോഷങ്ങൾക്കായി മാറ്റിവെക്കുന്നതും സമാഹരിക്കുന്ന തുമായ തുകയുടെ ശ്രദ്ധേയമായ ഒരുഭാഗം, ഇടവകയിലെയും സമീപപ്രദേശങ്ങളിലെയും നിർദ്ധനരും അർഹരുമായ ആളുകൾക്ക് സാമ്പത്തിക സഹായമെത്തിക്കാനും മറ്റ് കാരുണ്യ പ്രവർത്തികൾക്കായും മാറ്റിവെക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
6. ജപമാലമാസാചരണത്തിന്റെ ഭാഗമായി ഭവനങ്ങളിൽ ഒരുക്കുന്ന പന്തൽ, ലൈറ്റ്, സൗണ്ട് എന്നിവ പരമാവധി ചിലവ് ചുരുക്കി, സാധ്യമെങ്കിൽ ഇടവകയിൽ നിന്നു തന്നെ പൊതുവായി ക്രമീകരിച്ചു കൊടുത്തുകൊണ്ട് സാമ്പത്തിക ഭാരം ലഘൂകരിക്കുക.
7. സ്നേഹവിരുന്നുകൾ ചായ, പാനീയങ്ങൾ ലഘുഭക്ഷണം മാത്രമായി മിതമായ ചിലവിൽ ക്രമീകരിക്കുക.

**(ജപമാലമാസ ക്രമീകരണത്തിനായി രൂപതയിൽ നിന്നുള്ള സർക്കുലറിലെ നിർദ്ദേശങ്ങൾ ബിസിസിയിൽ അറിയിക്കുക)**

# അറിയിപ്പുകൾ

(1) **ഫാമിലി അപ്പോസ്റ്റലേറ്റ് & മിനിസ്ട്രി** : വിവാഹ ഒരുക്കകോഴ്സുകൾ സെപ്റ്റംബർ 11,12,13; ഒക്ടോബർ 2,3,4, നവംബർ 13, 14,15 തീയതികളിലായിരിക്കും. ഹോം മിഷൻ (സമർപ്പിതരുടെ ഭവന സന്ദർശനം) കണ്ടക്കടവ് ഇടവകയിൽ ആരംഭിക്കുന്നു. ഇടവക യ്ക്കും ടീമിനും വേണ്ടി പ്രാർത്ഥിക്കുക. എല്ലാ ഇടവക കളിലും ഇതു ലഭ്യമാകുന്നതിന് ഒരുങ്ങുക.

(2) **ലെമുവേൽ കോഴ്സ് ഓഗസ്റ്റ് 2026:** സമ്പൂർണ ലഹരി വിമുക്ത വിമോചന ധ്യാനം സെപ്റ്റംബർ 20 ന് ആരംഭിച്ച് 27 നു സമാപി ക്കുന്നു. രജി. ഫീസ് 2,500/- രൂപ. കൂടുതൽ വിവരങ്ങൾക്ക് Rev. Fr. Glen Faber - 79028 69776, Fr. Shaji Bastian - 98478 69693; Br. Xavier Joseph - 94474 79863; Br. Poulose - 94461 18978.

(3) രൂപതാദിനാഘോഷം : ഇടവകകളിലെല്ലാം ഒക്ടോബർ 9 നു രാവിലെ കൃതജ്ഞത ആരാധന നടത്തുക. 10 നു അർത്തുങ്കലിലാണ് രൂപതാതല ആഘോഷം. രാവിലെ ബലിയർപ്പണം, പൊതുസമ്മേള നം എന്നിവയ്ക്കു ഓരോ ഇടവകയുടെയും സജീവ പങ്കളിത്തമു ണ്ടാകണം. 11 ന് ഇടവകയിൽ ബലിയപ്പണവും പതാക ഉയർത്തലും ക്രമീകരിക്കുക.

(4) ജീവനാദം : ഇടവകകളിലെ എല്ലാ സംഘടനാ ഭാരവാഹികളും ബിസിസികളിലെ സാധിക്കുന്ന എല്ലാ കുടുംബങ്ങളും വാർഷിക വരിസംഖ്യ നൽകി സഹകരിക്കുക. കെ. എൽ.സി.ഡബ്ല്യു. എ. അംഗങ്ങൾ ഇതിനു നേതൃത്വമെടുക്കുന്നതാണ്.

(5) KRLCC ലെയ്റ്റി കോൺക്ലേവ് : ഒക്ടോബർ 4 ഞായറാഴ്ച ആലപ്പുഴയിലാണ് നടത്തപ്പെടുന്നത്. രൂപതയിലെ ബിസിസി നേതൃത്വവും എല്ലാ സംഘടനകളും സഹകരിച്ച് വിജയിപ്പിക്കുക.



## പാപ്പായുടെ സെപ്റ്റംബർ മാസ നിയോഗ പ്രാർത്ഥന

***ജലത്തിന്റെ പരിപാലനത്തിനായി*** – *ജീവന്റെ ആധാരമായ ജലം നീതിപൂർവ്വമായും സുസ്ഥിരമായും വിനിയോഗിക്കപ്പെടുന്നതിനും, ഏവർക്കുംഅത് ഒരുപോലെ ലഭ്യമാകുന്നതിനും വേണ്ടി നമുക്ക് പ്രാർത്ഥിക്കാം*

**പ്രസിദ്ധീകരണം :-**
**ഫാ. ജോൺസൺ പുത്തൻവീട്ടിൽ**
**ബി.സി.സി. ഡയറക്ടർ, കർമസദൻ പാസ്റ്ററൽ സെന്റർ, ആലപ്പുഴ – 688 001**







EPISCOPAL CURIA
DIOCESE OF ALLEPPEY

# ആലപ്പുഴ രൂപതാദിനം
## ഒക്ടോബർ 11
# പ്ലാറ്റിനം ജൂബിലി വർഷത്തിലേക്ക്
1952– 2027

Vol. 94
No. 9

September
2026



മാതാവിന്റെ ജനനതിരുനാൾ പ്രാർത്ഥനാശംസകൾ

Printed and Published by Fr Michael Kunnel
at St Antony's Orphanage Press, Alleppey.
Editor: Fr. Jude Joseph Kondappassery
Cover: Fr Joy Puthenveettil & Salichan Thottunkal
Type Setting & Layout: Soniya Jenet, Sandeep Santhosh